**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **31-01-2024 - ൽ മറുപടിയ്ക്ക്**

**മൂലേക്കുഴി കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ 2020-21 ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മൂലേക്കുഴി കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത കോളനിയുടെ പദ്ധതി നിർവ്വഹണത്തിൽ നിന്നും ജില്ലാ നിർമിതി കേന്ദ്രത്തെ മാറ്റി എഫ് .ഐ .റ്റി യെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. എഫ് .ഐ .റ്റി എസ്റ്റിമേറ്റ് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |
| (ബി) | പ്രസ്തുത കോളനിയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; | (ബി) | സംരക്ഷണ ഭിത്തി നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | പദ്ധതിയുടെ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ, എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | എസ്റ്റിമേറ്റിൽ ഉൾപ്പെട്ട റോഡ് നിർമാണത്തിനായി ഗ്രാമ നിവാസികളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | എസ്റ്റിമേറ്റിൽ ഉൾപ്പെട്ട റോഡ് നിർമാണത്തിനായി ഗ്രാമ നിവാസികൾ സ്ഥലം പഞ്ചായത്തിന് വിട്ടു കൊടുത്ത്, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടു വരുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിയ്ക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. ഏജൻസി എസ്റ്റിമേറ്റ് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ